DESPATCHED On 31.1.2022

07.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2306(2)/2015/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **16187**/എസ്.ഐ.സി–ജി 6/2015)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. രാജൻ ആർ.,
S/o രാമൻ,
കൽമൊക്ക് വീട്, അയിലൂർ പി.ഒ.,
പാലക്കാട് ജില്ല, പിൻ – 678 510.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
സ്പെഷ്യൽ തഹസിൽദാർ,
എൽ.എ.(ജനറൽ)നം.1,
പാലക്കാട്.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി കളക്ടർ (എൽ.എ.),
ജില്ലാ കളക്ടറേറ്റ്,
പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17.08.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.09.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.09.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28.09.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 12.10.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 15.10.2015 |
| ഹിയറിംഗ് നടന്ന തീയതി | 03.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

O/c

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. രാജൻ ആർ. 12.10.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 15.10.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2306(2)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിലും ആവശ്യപ്പെട്ട രേഖകൾ ലഭ്യമായില്ലെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 17.08.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

ചിറ്റൂർ താലൂക്ക്, നെന്മാറ വില്ലേജിൽ പഴയ സർവ്വെ നമ്പർ 723, സബ്ഡിവിഷൻ 4ൽ ലക്ഷ്മി എന്നവർക്ക് 16 ½ സെന്റ് സ്ഥലമുണ്ടായിരുന്നുവെന്നും (പുതിയ സർവ്വെ നമ്പർ ബ്ലോക്ക് 54, റീസർവ്വെ നമ്പർ 30/15) ടി സ്ഥലത്തു നിന്നും പോത്തുണ്ടി ഡാം ജലസേചന പദ്ധതിക്കായി പടിഞ്ഞാറു വശത്ത് ഒരു കനാൽ ഇറിഗേഷൻ വകുപ്പ് നിർമ്മിച്ചിട്ടുണ്ടെന്നും (a No.6/67 dt 18.2.67) ഇപ്പോൾ ടി സ്ഥലം ഹർജിക്കാരന്റെ പേരിലാണെന്നും ലക്ഷ്മി എന്നവരുടെ കൈവശമിരിക്കുമ്പോൾ ടി സ്ഥലത്തു നിന്നും ഇറിഗേഷൻ വകുപ്പ് കനാലിനായി എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും അതിനു നഷ്ടപരിഹാരമായി എത്ര തുക ടിയാൾക്ക് നൽകിയിട്ടുണ്ടെന്നും അറിയിക്കണമെന്നാണ്. ആയതിന് 09.09.15ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടിയാന്റെ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിനായി ടി കാര്യാലയത്തിലെ റിക്കാർഡുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള അവാർഡ് നമ്പർ 6/67 തീയതി 18.02.67 വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ നിർവ്വാഹമില്ലെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 28.09.2015ന് നൽകിയ

മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി നൽകിയിരുന്നുവെന്നും ടി മറുപടിയിൽ തൃപ്തനാകാതെ ടിയാൻ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ സമർപ്പിച്ച രേഖകളും എസ്.പി.ഐ.ഒ.യുടെ വിശദീകരണവും ഹർജിക്കാരന്റെ ആവശ്യവും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് വിവരങ്ങൾ നൽകുവാൻ എസ്.പി.ഐ.ഒ.യ്ക്ക് ബാധ്യതയുള്ളതിനാൽ ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും കണ്ടെത്തി വിശദമായി പരിശോധിച്ച് ഹർജിക്കാരന് മറുപടി നൽകുവാൻ ടിയാനു നിർദ്ദേശം നൽകി അപ്പീൽ ഹർജി തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമല്ല എന്ന ഒഴുക്കൻ മട്ടിലുള്ള മറുപടിയാണ് നൽകിയതെന്നും ടി മറുപടിയിൽ ടിയാൻ തൃപ്തനല്ലെന്നുമാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് 10 ദിവസത്തിനകം കമ്മീഷനിൽ സമർപ്പിക്കണമെന്നും പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുക്കണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 7-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION ★ THIRUVANANTHAPURAM